കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## www.lfa.kerala.gov.in

### മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്ത്
### ഓഡിറ്റ് റിപ്പോർട്ട്
### 2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
ഇ-മെയിൽ – ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത് കൈപ്പറ്റ് രസീത് സഹിതം)

നം.കെ.എസ്.എ/എ.എൽ.പി/പി8/1528/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,ആലപ്പുഴ
തീയതി. 03.01.2017
ഫോൺ : 0477-2252753
ഇ-മെയിൽ:- ddhglfalpy@gmail.com.

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് , (സെക്രട്ടറി മുഖേന)

മാരാരിക്കുളം വടക്ക് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്ത് - 2015-16സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

***********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/എ.എൽ.പി/പി8/1528/16 തീയതി: 03.01.2017

# ആലപ്പുഴ ജില്ലയിലെ മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്ത് 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 20.05.2016 മുതൽ 09.12.2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഒരു ഉത്തരവാദിത്ത്വവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | സി. വൈ. സലിം, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 13.12.2016 മുതൽ 20.12.2016 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | | |
| ശ്രീ. ആർ. രാജീവ് | : | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| ശ്രീ. പുഷ്പരാജ്. വി. കെ | : | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി. ജാക്വലിൻ. പി. ഡബ്ല്യു | : | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ. രാജേഷ്. റ്റി | : | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | | |
|---|---|---|---|
| പ്രസിഡന്റ് | : | ശ്രീമതി.പ്രഭ മധു | 01.04.2015 മുതൽ 31.10.2015 വരെ |
| | | ശ്രീ.ഡി.പ്രിയേഷ് കുമാർ | 19.11.2015 മുതൽ 31.03.2016 വരെ |
| സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ (ധനകാര്യം) | | ശ്രീ.എം.എസ്.അനിൽകുമാർ | 01.04.2015 മുതൽ 31.10.2015 വരെ |
| | | ശ്രീമതി.ഷീബ.എസ്.കുറുപ്പ് | 02.12.2015 മുതൽ 31.03.2016 വരെ |
| സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ (വികസന കാര്യം) | | ശ്രീമതി.ഷീബ.എസ്.കുറുപ്പ് | 01.04.2015 മുതൽ 31.10.2015 വരെ |
| | | ശ്രീമതി.പി.ബി.സുര | 02.12.2015 മുതൽ 31.03.2016 വരെ |

| | | | |
|---|---|---|---|
| സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ (ക്ഷേമ കാര്യം) | | ശ്രീ.പി.മുരളീധരൻ | 01.04.2015 മുതൽ 31.10.2015 വരെ |
| | | ശ്രീമതി.മിനി ആന്റണി | 02.12.2015 മുതൽ 31.03.2016 വരെ |
| സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ (ആരോഗ്യ-വിദ്യാഭ്യാസ കാര്യം) | | ശ്രീമതി.ജെസ്സി ജോസഫ് | 01.04.2015 മുതൽ 31.10.2015 വരെ |
| | | ശ്രീ.കെ.കെ.രമണൻ | 02.12.2015 മുതൽ 31.03.2016 വരെ |
| സെക്രട്ടറി | : | ശ്രീ.കെ.എസ്.സോണി | 01.04.2015 മുതൽ 31.03.2016വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.വി.വി.പ്രസാദ് | 01.04.2015 മുതൽ 31.03.2016 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.സുജാദേവി.എസ് | 01.04.2015 മുതൽ 31.03.2016 വരെ |
| വെറ്ററിനറി സർജൻ | ഡോ.രാജു | 01.04.2015 മുതൽ 31.03.2016 വരെ |
| കൃഷി ഓഫീസർ | ശ്രീമതി. ക്യനോ ജോസ് | 01.04.2015 മുതൽ 31.03.2016 വരെ |
| പ്രധാനാധ്യാപകൻ | ശ്രീ.ഡി.അപ്പുക്കുട്ടൻ നായർ | 01.04.2015 മുതൽ 31.03.2016 വരെ |
| എൽ.വി.ഇ.ഒ-1 | ശ്രീമതി.സുജ.വി | 01.04.2015 മുതൽ 03.03.2016 വരെ |
| എൽ.വി.ഇ.ഒ-2 | ശ്രീമതി.ഹാഷ്മി രാജ് | 01.04.2015 മുതൽ 31.03.2016 വരെ |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | ശ്രീ.ബെന്നി വില്ല്യംസ് | 01.04.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ -പി.എച്ച്.സി | ഡോ.വി.എ.കണ്ണൻ | 01.04.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ- ആയൂർവ്വേദം | ഡോ.ജിജി ജോൺ | 01.04.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ- ഹോമിയോ | ഡോ.ഗീതമ്മ | 01.04.2015 മുതൽ 31.03.2016 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.പി.സുഹാസിനി | 01.04.2015 മുതൽ 31.03.2016 വരെ |
| ഡയറി ഫാം ഇൻസ്ടക്ടർ | ശ്രീമതി.പി.സിനിമോൾ | 01.04.2015 മുതൽ 31.03.2016 വരെ |

ഉള്ളടക്കം

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ഇനം |
|---|---|---|
| ഭാഗം – 1 | | |
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക. |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. |
| 4 | 1-4 | സാമ്പത്തിക വിശകലനം |
| 5 | 1-5 | ഫണ്ട് വിനിയോഗം |
| 6 | 1-6 | പദ്ധതി അവലോകനം. |
| 7 | 1-7 | തനത് വരുമാനം. |
| 8 | 1-8 | ക്ഷേമപദ്ധതികൾ |
| 9 | 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 10 | 1-10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| ഭാഗം – 2 | | |
| 11 | 2-1 | മൊബൈൽ ടവറുകളുടെ നികുതി അസസ്സ് ചെയ്യുന്നില്ല |
| 12 | 2-2 | പരസ്യനികുതി ഈടാക്കുന്നില്ല |
| 13 | 2-3 | തൊഴിൽ നികുതി ഈടാക്കുന്നില്ല |
| 14 | 2-4 | ഡെപ്പോസിറ്റ് രജിസ്റ്ററിലെ നീക്കിയിരിപ്പിൽ വ്യത്യാസം |
| 15 | 2-5 | ട്രേഡേഴ്സ് ലിസ്റ്റ് പൂർണ്ണമല്ല - പല സ്ഥാപനങ്ങളിൽ നിന്നും ഡി & ഓ ലൈസൻസ് ഫീ പിരിക്കുന്നില്ല |
| 16 | 2-6 | വസ്തു നികുതി നിർണ്ണയത്തിലെ അപാകതകൾ |
| 17 | 2-7 | അനധികൃതകെട്ടിടങ്ങളുടെ ക്രമവത്കരണം വസ്തു നികുതി നിർണ്ണയിച്ചതിൽ കുറവ് |
| ഭാഗം – 3 | | |
| 18 | 3-1 | എസ്.എൽ.പുരം സദാനന്ദൻ സ്മാരക സംഗീത അക്കാദമി അദ്ധ്യാപകർക്ക് ഓണറേറിയം |
| 19 | 3-2 | പാലിയേറ്റീവ് കെയർ - അപാകതകൾ |
| 20 | 3-3 | മീഡിയാശ്രീ പദ്ധതി- ഡോക്യുമെന്ററിയുടെ പകർപ്പ് ലഭ്യമായില്ല |
| 21 | 3-4 | സെക്രട്ടറി നിർവ്വഹിച്ച പദ്ധതികൾ- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. |

| | | |
|---|---|---|
| 22 | 3-5 | തെരുവുവിളക്കുകളുടെ വൈദ്യുതചാർജ്ജ് സംബന്ധിച്ച് |
| 23 | 3-6 | ദർഘാസ് പരസ്യങ്ങൾ വിൻഡോപരസ്യങ്ങളായി നൽകേണ്ടതാണ് |
| 24 | 3-7 | ടാറിംഗ് വേലകൾ -ടാറിന്റെ വില വ്യത്യാസം കുറവ് ചെയ്യാത്തത് സംബന്ധിച്ച്. |
| 25 | 3-8 | അസിസ്റ്റന്റ് സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജക്റ്റിലെ അപാകതകൾ |
| 26 | 3-9 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി |
| ഭാഗം – 4 | | |
| 27 | 4-1 | വാർഷിക കണക്കുകളുടെ പരിശോധന - അപാകതകൾ |
| 28 | 4-2 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 29 | 4-3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ |
| 30 | 4-4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 31 | 4-5 | വായ്പ/ വായ്പ തിരിച്ചടവ് |
| 32 | 4-6 | സ്ഥിരനിക്ഷേപങ്ങൾ |
| 33 | 4-7 | ഓഡിറ്റ് റിക്കവറി |
| 34 | 4-8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. |
| 35 | 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 36 | 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| 37 | | ഓഡിറ്റ് സർട്ടിഫിക്കറ്റ് |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 30.03.2015 തിയതിയിലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം പ്രതീക്ഷിച്ചിരുന്ന വരവ് ചെലവ് കണക്കുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| മുന്നിരിപ്പ് | :- | 20065958 |
| വരവ് | :- | 71572000 |
| ചെലവ് | :- | 70322000 |
| നീക്കിയിരിപ്പ് - | :- | 21315958 |

എന്നാൽ യഥാർത്ഥ വരവും ചെലവും ബജറ്റ് പ്രകാരമുള്ള തുകകളുടെ യഥാക്രമം 65% വും, 75% വും മാത്രമാണ്. ബജറ്റ് യാഥാർത്ഥ്യബോധത്തോടെ തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2016 | 04.07.2016 (ഇ-സബ്മിഷൻ) |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | | |
|---|---|---|
| മുന്നിരിപ്പ് | :- | 3,75,14,316/- |
| വരവ് | :- | 4,65,52,961/- |
| ആകെ | :- | 8,40,67,277/- |
| ചെലവ് | :- | 5,26,13,120/- |
| നീക്കിയിരിപ്പ് | :- | 3,14,54,157/- |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | റ്റി.സി ചെയ്ത് ലഭിച്ച തുക | തൻവർഷ അലോട്ട്മെന്റ് | അലോട്ട് മെന്റിൽ നിന്നും പിൻ-വലിച്ച തുക | ആകെ | ചെലവ് | റ്റി.സി ചെയ്ത് നല്കിയ തുക | സർക്കാരി ലേക്ക് തിരിച്ചടച്ച തുക | നീക്കി യിരിപ്പ് |
|---|---|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതു വിഭാഗം | 1316407 | 11085037 | 12869247 | 150612 | 12552056 | 10625092 | | 1926964 | |
| വികസനഫണ്ട് എസ്.സി.പി. | 2600624 | | | 3264000 | 5864624 | 1668470 | | 4196154 | |
| വികസനഫണ്ട് ടി.എസ്.പി. | 182190 | | | 337000 | 519190 | 160100 | | 359092 | |
| സംരക്ഷണഗ്രാന്റ് റോഡ് | 662023 | | | 2873000 | 3535023 | 3391526 | | 143497 | |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 1401297 | | | 4473000 | 5874297 | 1798794 | | 4075503 | |
| 13-ാംധനകാര്യ കമ്മീഷൻ ഗ്രാന്റ് | 3004831 | | | 5266010 | 8270841 | 7493637 | | 777204 | |
| പെർഫോമൻസ് ഗ്രാന്റ് | 4601000 | | - | | 4601000 | 3772571 | | 828429 | |
| എം.എൻ. ആർ.ഇ.ജി.എസ്. | 78000 | | | 44719402 | 44797402 | 44769983 | | 27419 | |
| ബി ഫണ്ട് | - | | 25088408 | | 25088408 | 25088408 | | | |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 212 | 58615723 | 147 | 36340155 | 16 | 49 | 69.34 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

--ഇല്ല--

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 22.74 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 6116810 | 7668745 | 1551935 | 25.37 |
| നികുതിയേതര വരവുകൾ | 542855 | 624850 | (-)81995 | (-)15.1 |
| മറ്റുവരവുകൾ | 605663 | 624134 | 18471 | 3.05 |
| ആകെ | 7265328 | 8917729 | 1652401 | 22.74 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1117440 | 658 |
| കർഷകതൊഴിലാളി പെൻഷൻ | 4645770 | 607 |
| വിധവാപെൻഷൻ | 5310800 | 511 |
| വാർദ്ധക്യകാലപെൻഷൻ | 4878720 | 517 |
| വികലാംഗപെൻഷൻ | 4100565 | 387 |
| അവിവാഹിത പെൻഷൻ | 1199400 | 117 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.12.2016 3.30 പി.എം ന് സ്ഥാപന തലവന്റെ/ഉത്തരവദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5172/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 25.10.2016 | 09/2016 | 24.11.2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 04.12.2008 | 1997-98 മുതൽ 2007-08 വരെ | 14.01.2009 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 മൊബൈൽ ടവറുകളുടെ നികുതി അസസ്സ് ചെയ്യുന്നില്ല

പഞ്ചായത്ത് പരിധിയിൽ നിരവധി മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ടവറുകളുടെ വസ്തു നികുതി നിർണ്ണയിച്ചതായി കാണുന്നില്ല. ടവറുകളുടെ നികുതി ഈടാക്കാത്തതിന്റെ കാരണം അന്വേഷിച്ച് നൽകിയ 2-ാം നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്കുള്ള മറുപടിയിൽ ഉടൻ തന്നെ മൊബൈൽ ടവറുകൾ വസ്തു നികുതി ഈടാക്കുവാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ടവറുകൾ അസ്സസ് ചെയ്ത് നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 2-2 പരസ്യനികുതി ഈടാക്കുന്നില്ല

പരസ്യനികുതിയിനത്തിൽ പഞ്ചായത്തിന് 2015-16ൽ വരുമാനവും ലഭിച്ചിട്ടില്ല. ദേശീയപാതയും തീരദേശപാതയും കടന്നുപോകുന്ന പഞ്ചായത്ത് പരിധിയിൽ നിരവധി പരസ്യബോർഡുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും പരസ്യനികുതി ഈടാക്കിയിട്ടില്ലാത്തതാണ്. പരസ്യനികുതി ഈടാക്കാത്തതിന്റെ കാരണം അന്വേഷിച്ച് നൽകിയ 2-ാം നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

### 2-3 തൊഴിൽ നികുതി ഈടാക്കുന്നില്ല

തൊഴിൽ നികുതി പരിശോധിച്ചതിൽ സന്ദാരി പേൾ റിസോർട്ട്സ്, സി.ബി.സി.ഇ സ്കൂളായ രാഘവേന്ദ്ര വിദ്യാ മന്ദിർ എന്നീ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാതിരുന്നതിന്റെ കാരണവും പഞ്ചായത്ത് പരിധിയിലുള്ള കള്ളുഷാപ്പുടമകൾ, സ്വകാര്യ പ്രാക്ടീസ് ചെയ്യുന്ന ഡോക്ടർമാർ, റേഷൻ കടയുടമകൾ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാതിരുന്നതിന്റെ കാരണം അന്വേഷിച്ച് നൽകിയ 2-ാം ഓഡിറ്റ് എൻക്വയറിയ്ക്കുള്ള മറുപടിയിൽ സന്ദാരി പേൾ റിസോർട്ടസ് ജീവനക്കാരിൽ നിന്നും രണ്ടാം പകുതിയിലെ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. രണ്ടാം അർദ്ധവർഷം മുതലാണ് പ്രവർത്തിച്ചതെന്ന് പറയുന്നുവെങ്കിലും അസസ്മെന്റ് രജിസ്റ്റർ പ്രകാരം ഒന്നാം അർദ്ധവർഷം മുതൽ ഈ സ്ഥാപനം ഉള്ളതായി കാണുന്നു. ആയതിനാൽ ഒന്നാം അർദ്ധവർഷം മുതൽ തുക ഈടാക്കേണ്ടതാണ്. മേൽ സ്ഥാപനങ്ങളിൽ നിന്ന് നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 2-4 ഡെപ്പോസിറ്റ് രജിസ്റ്ററിലെ നീക്കിയിരിപ്പിൽ വ്യത്യാസം

പഞ്ചായത്തിലെ ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ 2014-15 ലെ ക്ലോസിംഗ് ബാലൻസ് 1,04,811/- രൂപയായിരുന്നു. എന്നാൽ 2015-16 ലെ ഓപ്പണിംഗ് ബാലൻസ് 1,19,811/- രൂപയായി വർദ്ധിച്ചിട്ടുണ്ട്. ക്ലോസിംഗ് ബാലൻസും ഓപ്പണിംഗ് ബാലൻസും തമ്മിൽ 15000/- രൂപയുടെ വ്യത്യാസമുണ്ട്. ക്ലോസിംഗ് ബാലൻസ് കൂടുവാനുണ്ടായ സാഹചര്യം വിശദീകരിക്കണമെന്നാവശ്യപ്പെട്ട് നൽകിയ 13-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ, ഡെപ്പോസിറ്റ് രജിസ്റ്ററിൽ പേരില്ലാതിരുന്ന ശ്രീ. പത്മനാഭൻ എന്നയാളുടെ സെക്യൂരിറ്റി നിക്ഷേപം ഓംബുഡ്സ്മാന്റെ വിധിയെതുടർന്ന് തിരികെ നൽകിയതിനാലാണിതെന്ന് അറിയിച്ചിരിക്കുന്നത്. എന്നാൽ ഡെപ്പോസിറ്റ് രജിസ്റ്റർ വിശദമായി പരിശോധിച്ചതിൽ 2014-15ലെ നീക്കിയിരിപ്പിൽ ഇല്ലാതിരുന്ന തുകയാണ് തനത് ഫണ്ടിൽ നിന്നും നൽകിയിട്ടുള്ളത്. ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി തയ്യാറാക്കാതിരുന്നതിനാലാണ് ഇപ്രകാരം തുക നൽകേണ്ടിവന്നിട്ടുള്ളത്. ആയതിനാൽ

ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി പരിപാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-5 ട്രേഡേഴ്സ് ലിസ്റ്റ് പൂർണ്ണമല്ല - പല സ്ഥാപനങ്ങളിൽ നിന്നും ഡി & ഓ ലൈസൻസ് ഫീ പിരിക്കുന്നില്ല

പഞ്ചായത്തിലെ ട്രേഡേഴ്സ് ലിസ്റ്റ് പരിശോധിച്ചതിൽ 2015-16 കാലയളവിൽ ലഭിച്ച 281 അപേക്ഷകൾ മാത്രം ഉൾപ്പെടുത്തിയുള്ള രജിസ്റ്റർ ആണ് തയാറാക്കിയിട്ടുള്ളത്. അസ്സസ്മെന്റ് രജിസ്റ്റർ പ്രകാരം നിരവധി ചെറുതും വലുതുമായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന പഞ്ചായത്തിൽ അതതുവർഷം ലഭിക്കുന്ന അപേക്ഷകൾ മാത്രം ഉൾപ്പെടുത്തി തയാറാക്കിയിട്ടുള്ള ട്രേഡേഴ്സ് ലിസ്റ്റാണ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളത്. മുഴുവൻ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയാറാക്കിയിട്ടില്ല.

കൂടാതെ 2015-16 ലെ ഡി & ഓ ലൈസൻസുകൾ പരിശോധിച്ചതിൽ വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ള പരമാവധി തുകയായ 4000/- രൂപ മാരാരി ബീച്ച് റിസ്സോർട്ടിന്റെ ലൈസൻസ് ഫീ ഇനത്തിൽ ഈടാക്കുന്നതിന് പകരം 3750/- രൂപയാണ് ഈടാക്കിയിട്ടുള്ളത്. കൂടാതെ ടി സ്ഥാപനത്തിന്റെ റസ്റ്റോറന്റിന്റെ ലൈസൻസ് ഫീ ഈടാക്കിയിട്ടില്ലാത്തതാണ്. എസ്കാ പേർഡ് റിസ്സോർട്ടിന്റെ ലൈസൻസ് ഫീ 4000/- രൂപ ഈടാക്കിയിട്ടുണ്ടെങ്കിലും ആയതിന്റെ റസ്റ്റോറൻറിന്റെ ഫീസ് 2000/- രൂപ കുറവാണ് ഈടാക്കിയിരിക്കുന്നത്. ചിത്രാ പെയിന്റസ് & ഹാർഡവെയ്ഴസ്, ആഹാര റസ്റ്റോറന്റ്, മാഗ്നം ഫർണ്ണീച്ചർ കമ്പനി, കണ്ണാട്ട് ഏജൻസീസ്, പഞ്ചായത്തിന്റെ കടമുറികൾ ഉപയോഗിക്കുന്ന സ്ഥാപനങ്ങൾ തുടങ്ങിയവയും ഡി & ഓ ലൈസൻസ് ഫീ അടച്ചിട്ടുള്ളതായി കാണുന്നില്ല. മേൽ വിഷയങ്ങളിൽ അന്വേഷിച്ച് നൽകിയ 4-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. കുറവ് ലൈസൻസ് ഫീ ഈടാക്കിയവരിൽ നിന്നും പലിശ സഹിതം ഫീസ് ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതും, ട്രേഡ്ഴസ് ലിസ്റ്റ് വാർഡടിസ്ഥാനത്തിൽ തയ്യാറാക്കേണ്ടതുമാണ്.

## 2-6 വസ്തു നികുതി നിർണ്ണയത്തിലെ അപാകതകൾ

പഞ്ചായത്തിലെ കെട്ടിടനികുതി അസ്സസമെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ചേന്നവേലി പള്ളിയിലെ പാരിഷ് ഹാൾ, വികാരിയുടെ പള്ളിമേട, വരകാടി ക്ഷേത്രത്തിന്റെ ഓഡിറ്റോറിയം, പൊക്കളാശ്ശേരി ക്ഷേത്രത്തിന്റെ സദ്യാലയം, വി.എൻ.എസ്.എസ് സ്കൂളിന്റെ ഓഡിറ്റോറിയം എന്നിവയും പഞ്ചായത്തിലെ വി.എൻ.എസ്.എസ് സ്കൂൾ, രാഘവേന്ദ്ര വിദ്യാലയ മന്ദിർ തുടങ്ങി വിവിധ അൺ എയിഡ്സ് സ്കൂളുകളുടെയും വസ്തു നികുതി നിർണ്ണയിച്ചിട്ടില്ല. ആയതിന്റെ കാരണം വിശദീകരിക്കണമെന്നാവശ്യപ്പെട്ട് നൽകിയ 10-ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പറഞ്ഞ കെട്ടിടങ്ങൾ അസ്സസ് ചെയ്ത് നികുതി ഈടാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

വ്യവസായ സ്ഥാപനങ്ങൾക്കുള്ള നികുതി 50/- രൂപയായിട്ടാണ് പഞ്ചായത്ത് നിശ്ചയിച്ചിരിക്കുന്നത്. എന്നാൽ ഇൻഡസ്ട്രിയൽ ഏരിയിലെ കൊക്കോടഫ്, മാഗ്നം ഫർണ്ണീച്ചർ തുടങ്ങി പഞ്ചായത്തിലെ പല വ്യവസായ സ്ഥാപനങ്ങളും അസ്സസമെന്റ് ചെയ്തിരിക്കുന്നത് 25/- രൂപ നിരക്കിലാണ്. മേൽ അപാകതകൾ കാണിച്ച് നൽകിയ 10-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. എല്ലാ വ്യവസായ സ്ഥാപനങ്ങളിൽ നിന്നും 50/- രൂപ നിരക്കിൽ വസ്തു നികുതി ഈടാക്കേണ്ടതാണ്.

## 2-7 അനധികൃതകെട്ടിടങ്ങളുടെ ക്രമവത്കരണം വസ്തു നികുതി നിർണ്ണയിച്ചതിൽ കുറവ്

മാരാരിക്കുളം വടക്ക് പഞ്ചായത്തിലെ വാസഗൃഹങ്ങൾക്കുള്ള വസ്തുനികുതി ച. മീ 7 രൂപയാണ്. കേരള പഞ്ചായത്ത് രാജ് ആക്ടിലെ 235 എ എ വകുപ്പുകൾ പ്രകാരം അനധികൃതകെട്ടിടങ്ങൾ ക്രമവത്കരിക്കുമ്പോൾ വസ്തു നികുതിയും ആയതിന്റെ രണ്ടിരട്ടി തുകയും ഈടാക്കേണ്ടതാണ്. എന്നാൽ താഴെ പറയുന്ന കെട്ടിടങ്ങൾ ക്രമവത്കരിച്ചപ്പോൾ ഇത്തരത്തിൽ തുക ഈടാക്കിയതിൽ കുറവ് സംഭവിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് വിശദീകരിക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 9-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി

ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം | കെട്ടിട ഉടമയുടെ പേരും വിലാസവും | ച.മീ | ഈടാക്കിയ തുക | ഈടാക്കേണ്ട തുക (20% മേഖലാടിസ്ഥാനത്തിലുള്ള ഇളവ് കിഴിവ്) | വ്യത്യാസം |
|---|---|---|---|---|---|
| 1 | സെബാസ്റ്റ്യൻ, തയ്യിൽ (w1) | 65 | 888/- | 1092/- | 204 |
| 2 | യേശുദാസ്, അറയ്ക്കൽ, ചെത്തി (w1) | 60 | 819/- | 1008/- | 189/- |
| 3 | പുഷ്പാംഗദൻ, തയ്യിൽ പറമ്പിൽ (w1) | 125 | 1575/- | 2100/- | 525/- |
| 4 | കെ.എ ജോൺ, കുരിശിങ്കൽ (w 14) | 58 | 732/- | 974/- | 242/- |
| 5 | ഫ്രാൻസീസ്, പുത്തൻപുരയ്ക്കൽ (w 18) | 72 | 1059/- | 1210/- | 151/- |
| 6 | സെബാസ്റ്റ്യൻ, കാരക്കാട്ട് (w 18) | 90 | 1323/- | 1510/- | 187/- |
| 7 | ആൻറണി, ആറാട്ടുകുളം (w18) | 73 | 1074/- | 1227/- | 153/- |
| 8 | തോമസ്, ആറാട്ടുകുളം (w 18) | 52 | 657/- | 874/- | 217/- |
| 9 | ജോസഫ്, പുത്തൻപുരയ്ക്കൽ (w18) | 44 | 555/- | 739/- | 184/- |
| 10 | സ്റ്റീഫൻ, വച്ചാക്കൽ, ചെത്തി (w18) | 70 | 882/- | 1176/- | 294/- |
| 11 | രാജേന്ദ്രൻ, കിഴക്കേതയ്യിൽ (w 18) | 99 | 1458/- | 1663/- | 205/- |
| 12 | സൈറസ്, കാകാരിയിൽ (w 18) | 53 | 780/- | 891/- | 111/- |
| | ആകെ | | | | 2662/- |

ആകെ 2662/- രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. ആയതിനാൽ മേൽ പറഞ്ഞ കെട്ടിടയുടമകളിൽ നിന്ന് ബാക്കി തുക ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അല്ലെങ്കിൽ നഷ്ടമായ തുക സെക്രട്ടറിയുടെ ബാധ്യതയായി കണക്കാക്കുന്നതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 എസ്.എൽ.പുരം സദാനന്ദൻ സ്മാരക സംഗീത അക്കാദമി അദ്ധ്യാപകർക്ക് ഓണറേറിയം

പ്രോജക്ട് നമ്പർ – S0038/16

ബിൽ നമ്പർ – 31/15-16, 30.01.2016

ഗ്രാമപഞ്ചായത്ത് ഗവ. എൽ.പി.എസ്. ഹെഡ്മാസ്റ്റർ 2015-16 വർഷം നിർവ്വഹണം ചെയ്ത എസ്.എൽ.പുരം സദാനന്ദൻ സ്മാരക സംഗീത അക്കാദമി അദ്ധ്യാപകർക്ക് ഓണറേറിയം എന്ന പദ്ധതിയ്ക്കായി വികസന ഫണ്ടിൽ നിന്നും 90,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ വികസന പദ്ധതികളിൽ ഒന്നുംതന്നെ ഉൾപ്പെടാത്ത സംഗീത പരിശീലന പരിപാടിക്കായി വികസന ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിനായി സർക്കാരിൽ നിന്നും അനുമതി ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറി നമ്പർ 12 ന് മറുപടി ലഭിച്ചില്ല. അതിനാൽ സർക്കാർ അനുമതിയില്ലാതെ മേൽ സൂചിപ്പിച്ച വിധം ഓണറേറിയം നൽകുന്നതിനായി വിനിയോഗിച്ച 90,000/- രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-2 പാലിയേറ്റീവ് കെയർ - അപാകതകൾ

പ്രോജക്ട് നം. – S0090/16

ബിൽ നം. – 1/15-16/29.1.16 - 191835/-,

ബിൽ നം. – 2/15-16/30.03.16 - 205165/-

പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖ 2015 ജി.ഒ.(ആർ.ടി)3217/തസ്വഭവ. 29.10.15 2.6.3 പ്രകാരം ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമായ രോഗികളുടെ പരിചരണ രീതി അവരുടെ വീടുകളിൽ ചെന്ന് പഠിപ്പിച്ചുകൊടുക്കുവാനും ആവശ്യമായ തുടർപരിചരണം ചെയ്തുകൊടുക്കാനുമായി ഹോംകെയർ സംവിധാനം ഉണ്ടായിരിക്കേണ്ടതാണ്. ഓരോ ദിവസത്തെയും ഹോംകെയർ നടന്നുകഴിഞ്ഞാൽ തൊട്ടടുത്ത ദിവസം ഹോം കെയർ റിപ്പോർട്ട് പാലിയേറ്റീവ് കെയർ നഴ്സ് മെഡിക്കൽ ഓഫീസർക്ക് സമർപ്പിച്ച് ഒപ്പ് വാങ്ങിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിൽ 15-16 വർഷം പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾക്കായി ആകെ 3,97,000/- ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഹോംകെയർ വിസിറ്റ് രജിസ്റ്റർ ഹാജരാക്കിയില്ല. ഹോംകെയർ വിസിറ്റ് നടപ്പാക്കിയതിന്റെ യാതൊരു രേഖകളും ഫയലിൽ ലഭ്യമല്ല. ഇതു സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (നം.11) മറുപടി ലഭ്യമാക്കിയില്ല. ഭവന സന്ദർശനം നടത്തിയതിന്റെ രേഖകൾ ഹാജരാക്കാത്തതിനാൽ പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ച 397000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-3 മീഡിയാശ്രീ പദ്ധതി- ഡോക്യുമെന്ററിയുടെ പകർപ്പ് ലഭ്യമായില്ല

പ്രോജക്ട് നം. – എസ്.045/16

പ്രോജക്ടിന്റെ പേര് – മീഡിയാശ്രീ

അടങ്കൽ:

13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 65000/- രൂപ

ചെലവ് – 65000/- രൂപ

(1. ട്രഷറി ബിൽ നം. – 278/13.07.2015 തീയതി.14.07.2015 തുക-19500/-

ഡി.ഡി.നം.142090 തീയതി. 14.07.2015

2. ട്രഷറി ബിൽ നം.1039 തീയതി.11.03..2016 തുക-45,500/-

ഡി.ഡി.നം.560398 തീയതി. 24.03.2016)

കുടുംബശ്രീ സംസ്ഥാന മിഷൻ നടത്തുന്ന മീഡിയാശ്രീ പദ്ധതിയുടെ ഭാഗമായി മാരാരിക്കുളം വടക്ക് ഗ്രാമ പഞ്ചായത്തിനെ സംബന്ധിക്കുന്ന ഡോക്യുമെന്ററി തയ്യാറാക്കുന്നതിനായി 65,000/- രൂപ മേല്പറഞ്ഞ ഡിമാന്റ് ഡ്രാഫ്റ്റുകൾ പ്രകാരം കുടുംബശ്രീ ആലപ്പുഴ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർക്ക് അയച്ചു നല്കിയിട്ടുണ്ട്. ടി തുക കൈപ്പറ്റിയതായി കാണിച്ച് 15.07.2015, 30.03.2016 തീയതികളിൽ രസീതും നല്കിയിട്ടുണ്ട്. മാരാരിക്കുളം വടക്ക് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയും കുടുംബശ്രീ ആലപ്പുഴ ജില്ലാ മിഷൻ കോ-ഓർഡിനേറ്ററും തമ്മിൽ 31.07.2015-ൽ ഏർപ്പെട്ട കരാറിലെ 2-ാം വ്യവസ്ഥ പ്രകാരം ഡോക്യുമെന്ററി തിരക്കഥ അംഗീകരിച്ച കത്തും തുകയും ലഭിച്ച കഴിഞ്ഞാൽ 60 ദിവസത്തിനകം ഡോക്യുമെന്ററി ചിത്രത്തിന്റെ പത്ത് പകർപ്പ് പഞ്ചായത്തിന് കൈമാറേണ്ടതാണ്.

ഡോക്യുമെന്ററിയുടെ ചിത്രീകരണം നടത്തിയെങ്കിലും നാളിതുവരെയായിട്ടും ഡോക്യുമെന്ററിയുടെ പകർപ്പ് ഗ്രാമപഞ്ചായത്തിന് കൈമാറിയതായി കാണുന്നില്ല. ഡോക്യുമെന്ററിയുടെ പകർപ്പ് അടിയന്തിരമായി ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-4 സെക്രട്ടറി നിർവ്വഹിച്ച പദ്ധതികൾ- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.

2015-16 സാമ്പത്തിക വർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടുകളുമായി ബന്ധപ്പെട്ട താഴെപ്പറയുന്ന രേഖകൾ ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

| ക്രമ നം | പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | തുക | ചെലവിന്റെ വിശദാംശം | ലഭ്യമാക്കാത്ത രേഖകൾ |
|---|---|---|---|---|---|
| 1 | 142/2016 | വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ ലൈൻ ചാർജിംഗ് മീറ്റർ സ്ഥാപിക്കൽ പ്രവർത്തികൾ | 125200 | 1.ട്രഷറി ബിൽ നം.351/1.8.15 തീയതി 13.8.2015<br>ഡി.ഡി.നം. 143308 തീ.19.8.2015<br>2.ട്രഷറി ബിൽ നം. 506/18.9.15 തീയതി 23.9.2015<br>ഡി.ഡി.നം. 668331 തീ. 23.9.2015 | വിനിയോഗ സാക്ഷ്യപത്രം |
| 2 | 278/16 | ഐ.എ.വൈ ഹൗസിംഗ് | 1500000 | 1.ട്രഷറി ബിൽ നം.1256/15-16 തീയതി 31.32016<br>ഡി.ഡി.നം. 562686 തീ.8.4.2016<br>2.ട്രഷറി ബിൽ നം.1257/15-16 തീയതി 31.32016<br>ഡി.ഡി.നം. 562688 തീ.8.4.2016 | വിനിയോഗ സാക്ഷ്യപത്രം |
| | | ആകെ | 1625200 | | |

രേഖകളുടെ അഭാവത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-5 തെരുവുവിളക്കുകളുടെ വൈദ്യുതചാർജ്ജ് സംബന്ധിച്ച്

ഗ്രാമപഞ്ചായത്തിലെ തെരുവുവിളക്ക് രജിസ്റ്റർ പ്രകാരം 15 – 16 വർഷം 15 W ന്റെ 9 സി.എഫ്.എൽ ബൾബുകളും 20 W ന്റെ 32 സി.എഫ്.എൽ ബൾബുകളും 300 ട്യൂബുകളും ഉപയോഗിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. 15 – 16 വർഷം തെരുവുവിളക്കുകളുടെ വൈദ്യുതചാർജ്ജ് ഇനത്തിൽ മാസംതോറും

ഏകദേശം 68536/- രൂപ ചെലവഴിച്ചിട്ടുണ്ട്. ട്യൂബുലൈറ്റുകൾ പവറിന്റെ അടിസ്ഥാനത്തിൽ 12 മണിക്കർ പ്രവർത്തിക്കുന്നതിന് ഉയർന്ന നിരക്ക് ഒടുക്കേണ്ടിവരുന്നുണ്ട്. അതിനാൽ സി.എഫ്.എൽ ബൾബുകൾക്കും ട്യൂബ് ലൈറ്റുകൾക്കും പകരം എൽ.ഇ.ഡി ബൾബുകൾ ഉപയോഗിക്കാവുന്നതാണ്. എൽ.ഇ.ഡി ബൾബുകൾ ഉപയോഗിക്കുന്നത് വഴി വൈദ്യുതചാർജ്ജിനത്തിലുണ്ടാകുന്ന അധിക ചെലവ് നിയന്ത്രിക്കാവുന്നതാണ്. ഭരണ സമിതിയുടെ ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

## 3-6 ദർഘാസ് പരസ്യങ്ങൾ വിൻഡോ പരസ്യങ്ങളായി നൽകേണ്ടതാണ്

(ഇൻഫർമേഷൻ ആൻറ് പബ്ലിക്ക് റിലേഷൻസ് (ഡി) വകുപ്പ് സ.ഉ (അച്ചടിച്ചത്) 01/04 (ഐ) ആന്റ് പി ആർ, 1-1-04) പ്രകാരം ദർഘാസ് പരസ്യങ്ങൾ വിൻഡോ രൂപത്തിൽ നൽകേണ്ടതാണ്. 3cmx2 കോളം വലിപ്പത്തിലുള്ള പരസ്യമായിട്ടാണ് നൽകണ്ടത്. പൂർണ്ണരൂപത്തിലുള്ള പരസ്യം വെബ്സൈറ്റിൽ നൽകേണ്ടതാണ്. 2015-16 വർഷം ഗ്രാമപഞ്ചായത്തിൽ നിന്നും നൽകിയ പരസ്യങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

1. വൗച്ചർ നമ്പർ 129/30-5-15, വലിപ്പം 6 x8 cm, തുക 3168 /-
2. വൗച്ചർ നമ്പർ 319/25-7-15, വലിപ്പം 6 x8 cm, തുക 3360 /-
3. വൗച്ചർ നംമ്പർ 503 /19 – 9- 15, വലിപ്പം 10 x8 cm, തുക 5600/-
4. വൗച്ചർ നംമ്പർ 504 /19 – 9- 15, വലിപ്പം 12 x8 cm, തുക 6730 /-
5. വൗച്ചർ നംമ്പർ 748 /18 – 12- 15, വലിപ്പം 6 x8 cm, തുക 3360/-

ഇതു സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (നം.6) ന് മറുപടി ഹാജരാക്കിയില്ല. വിൻഡോ പരസ്യം നൽകുന്നതുമൂലം കുറഞ്ഞ തുകയ്ക്ക് പരസ്യം പ്രസിദ്ധപ്പെടുത്താൻ സാധിക്കുമായിരുന്നു. ആയതിനാൽ തുടർന്നും പത്രപ്പരസ്യങ്ങൾ നൽകുമ്പോൾ കുറഞ്ഞ നിരക്കിൽ വിൻഡോപ്പരസ്യങ്ങൾ നൽകാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-7 ടാറിംഗ് വേലകൾ -ടാറിന്റെ വില വ്യത്യാസം കുറവ് ചെയ്യാത്തത് സംബന്ധിച്ച്.

ഗ്രാമ പഞ്ചായത്തിൽ 2015-16 ൽ നടപ്പാക്കിയ മരാമത്തു വേലകളുടെ എസ്റ്റിമേറ്റ് DSR-2014 പ്രകാരമാണ് തയ്യാറാക്കിയത്. ഇവയിൽ ടാറിംഗ് വേലകളിൽ ടാറിന്റെ (Bitumen VG – 10) വില താഴെ പറയും പ്രകാരമാണ് നിശ്ചയിച്ചത്.

| | |
|---|---|
| ടാർ വില (ടണ്ണിന്) | 50600.00 |
| കാര്യേജ് | 106.49 |
| ആകെ | 50706.49 |
| കോസ്റ്റ് ഇൻഡക്സ് (1.4571) സഹിതം | 73884.43/Tonne=രൂപ 73.88/kg |

എന്നാൽ ഈ കാലഘട്ടങ്ങളിൽ ഗുണഭോക്തൃ സമിതികൾക്ക് ഇതിലും വളരെ കുറഞ്ഞ നിരക്കിലാണ് ടാർ ലഭിച്ചിട്ടുള്ളത്. ഗുണഭോക്തൃ സമിതികൾ മുഖേന നടത്തപ്പെടുന്ന വേലകളിൽ യഥാർത്ഥ ചെലവു തുകയിൽ അധികരിക്കുന്ന ബിൽ തുക നല്കേണ്ടതില്ല. ഗുണഭോക്തൃ സമിതികൾ സമർപ്പിക്കുന്ന കണക്കുകളിൽ ടാറിന്റെ

വിലയ്ക്ക് മാത്രമാണ് ആധികാരിക രേഖയുള്ളത്. യഥാർത്ഥ ബില്ല് പ്രകാരമുള്ള ടാർ വിലയിൽ അധികരിച്ച തുക ഈയിനത്തിൽ ഗുണഭോക്തൃ സമിതിക്ക് നൽകേണ്ടതില്ല.

DSR-2014 പ്രകാരമുള്ള ടാർ വിലയും മാർക്കറ്റ് വിലയും തമ്മിൽ ഭീമമായ വ്യത്യാസം നിലനിൽക്കുന്നുണ്ട്. ആയതിനാൽ ടാറിന്റെ യഥാർത്ഥ വിലയിൽ അധികരിച്ച് വർക്ക് ബില്ലുകളിൽ ടാർ വിലയിനത്തിൽ കണക്കാക്കിയ തുക കുറവു ചെയ്തു മാത്രമേ ഫൈനൽ ബിൽ നല്കാമായിരുന്നുള്ളൂ. എന്നാൽ 2015-16 കാലഘട്ടത്തിൽ ഗ്രാമ പഞ്ചായത്തിൽ DSR നിരക്കിൽ തയ്യാറാക്കിയ ടാറിംഗ് വേലകളുടെ ബില്ലിൽ നിന്നും ഇപ്രകാരം കുറവു വരുത്താതിരുന്നതു മൂലം കൺവീനർമാർക്ക് അധിക തുക നല്കാനിടയായി.

ടി ന്യൂനതകൾ മൂലം കൺവീനർമാർക്ക് അധിക തുക നല്കാനിടയായ പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1.പ്രോജക്ട് നം. S0118/16 ഷാഡോ കുരിശടി റോഡ് ടാറിംഗ്, വാർഡ്-1

| | | |
|---|---|---|
| കൺവീനർ | : | ഗ്രേസി, കാരയ്ക്കാട് |
| *കരാർ നമ്പർ* | *:* | *38/AE/LSGD/MNGP/15-16*<br>*തീയതി 22.9.2015* |
| *അളവ് പുസ്തകം നമ്പർ* | *:* | *35115-16* |
| *ആകെ മൂല്യം (വാറ്റ്, ക്ഷേമനിധി വിഹിതം എന്നിവ സഹിതം)* | *:* | *446750/- രൂപ.* |
| *ചെലവഴിച്ച തുക*<br>*(ബാരൽ വില കുറച്ച്)* | *:* | *446750/- രൂപ*<br>*1. ബിൽ നം. 64/15-16*<br>*തീയതി.31.03.16 2,46,750/- രൂപ*<br>*2. ബിൽ നം. 65/15-16*<br>*തീയതി.31.03.16 2,00,000/- രൂപ.* |
| ടാറിംഗ് വിസ്തീർണ്ണം | : | 642 $m^2$ |
| ഉപയാഗിച്ച ടാറിന്റെ അളവ്<br>*(3 ഇനത്തിനും കൂടി 3.17kg/$m^2$ നിരക്കിൽ)* | : | 2035.14kg |
| ടാറിന് അനുവദിക്കപ്പെട്ട മൂല്യം<br>(DSR 2014 പ്രകാരം) *(രൂ. 73.88/kgനിരക്കിൽ)* | : | 1,50,356/- രൂപ |
| ടാറിന് അനുവദനീയമായ പരമാവധി മൂല്യം<br>*(കൺവീനർ ഹാജരാക്കിയ കണക്കു പ്രകാരം ടാറിന്റെ വില)* | : | 65830/- രൂപ.<br>*(Sidco Invoice Nos. 16071 dtd. 21.3.16)* |
| ഇതനുസരിച്ച് ടാറിന്റെ വില വ്യത്യാസം ഇനത്തിൽ ഫൈനൽ ബില്ലിൽ കുറവുചെയ്യേണ്ടിയിരുന്ന തുക | : | 150356-65830 = 84526/- |
